# വിശ്വാസത്തിന്റെ ശ്രാദ്ധം

## ഒ.വി. വിജയന്റെ കഥകളിലെ മരണാനന്തരസങ്കല്പം മുൻനിർത്തിയുള്ള വിശകലനം

**ഡോ. എം. കൃഷ്ണൻനമ്പൂതിരി**
പ്രൊഫസർ, സംസ്കൃതസർവ്വകലാശാല, കാലടി.

ജനപദസംസ്കാരവുമായി ബന്ധപ്പെട്ട ഏതു മേഖലയും ഇന്ന് നാടോടിവിജ്ഞാനീയത്തിന്റെ (Folkloristics) അന്വേഷണപരിധിയിൽ വരുന്നുണ്ട്. ജനകീയപ്പഴമ (Popular) യെ കുറിച്ചുള്ള പഠനം എന്ന പരിമിതാർത്ഥത്തിൽ നിന്നും, നിലനിന്നുപോരുന്നതും മൺമറഞ്ഞുപോയതും ആയ ഏതൊരു കൂട്ടായ്മയെക്കുറിച്ചുമുള്ള പഠനം എന്ന അർത്ഥവൈപുല്യത്തിലേക്ക് ഫോക്‌ലോർ അതിന്റെ സാധ്യതകളെ പരിവർത്തിപ്പിച്ചിരിക്കുന്നു. ഫോക്‌ലോർ പഠനശാഖയുടെ ആധുനിക കാലത്തെ ഏറ്റവും ശ്രദ്ധേയനായ പണ്ഡിതൻ അലൻഡന്റസ്, പഴയതെന്നോ പുതിയതെന്നോ ഭേദമില്ലാതെ ഏതുതരം കൂട്ടായ്മയെക്കുറിച്ചും ഫോക്‌ലോറിൽ പഠിക്കപ്പെടാമെന്ന് വാദിച്ചു. (Essays in folkloristics :1978) ഡന്റസിനെ ഉദ്ധരിച്ചുകൊണ്ട് മലയാളത്തിലെ പ്രശ്‌സ്ത ഫോക്‌ലോറിസ്റ്റ് ഡോ. രാഘവൻ പയ്യനാട് പറയുന്നത് ഗ്രാമീണം- നാഗരികം, പ്രാകൃതം- സംസ്കൃതം എന്നിങ്ങനെയുള്ള ഭേദങ്ങളില്ലാതെ കൂട്ടായ ജീവിതത്തിന്റെ ഭാഗമായ എല്ലാറ്റിനേയും ഫോക്‌ലോറായി പരിഗണിക്കാമെന്നാണ് (ഫോക്‌ലോർ:1998) ഈ അർത്ഥത്തിൽ ഫോക്‌ലോർ സംസ്കാരപഠനമായി (Cultural Study) മാറുന്നുണ്ട്.

വാമൊഴിരൂപങ്ങളും നാടൻപാട്ടുകളും പഴഞ്ചൊല്ലുകളും ആചാരാനുഷ്ഠാനവിശ്വാസങ്ങളും ഫോക്‌ലോറിന്റെ അക്ഷയഖനികളായിരിക്കുന്നതുപോലെതന്നെ.ആധുനിക- ആധുനികാനന്തര- സമകാലിക കലാ സാഹിത്യ സംസ്കാരമേഖലകളും ഫോക്‌ലോറധിഷ്ഠിത വിശകലനത്തിനു വഴിതുറക്കുന്നുണ്ട്. കോളനിയനന്തരകാലഘട്ടത്തിന്റെ സാഹിത്യരൂപങ്ങളായ കഥയും നോവലും ആത്മകഥയും യാത്രാവിവരണവും നാട്ടറിവുകളുടെ ആഖ്യാനരൂപങ്ങൾ കൂടിയാകുന്നുണ്ട്. സ്ഥലകാലസമൂഹബദ്ധമായ

ഏതൊരാഖ്യാനവും സവിശേഷമായ ജനപദഘടനയെ ആണ് പുനർനിർമ്മിക്കുന്നത്, എന്നതിനാൽ സ്വാഭാവികമായും പ്രസ്തുത ആഖ്യാനത്തിൽ ഫോക് ജീവിതം ഇഴചേർന്നിരിക്കും. ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ഗദ്യാത്മകമായ ആഖ്യാനരൂപങ്ങളാണ് നോവലും കഥയും . ചരിത്രകാലത്തെയും വർത്തമാനകാലത്തെയും നിർണ്ണയിക്കുന്ന ജീവിതശൈലികളെത്തന്നെയാണ് കഥാകാരന് തന്റെ ആഖ്യാനകേന്ദ്രത്തിൽ പ്രതിഷ്ഠിക്കേണ്ടത്. ചരിത്രവും പാരമ്പര്യവും ഒരു തുടർച്ചയായതിനാൽ വർത്തമാനകാലത്തെ പുനഃസൃഷ്ടിക്കുമ്പോൾ അതിനെയാകെ പരിവേഷമണിയിച്ചുകൊണ്ടു നിൽക്കുന്ന പഴമയുടെ സംസ്കാരത്തെയും കഥാകാരനു സ്വീകരിച്ചേ മതിയാകൂ. അവിടെ യുക്തിയുടെ ശാസ്ത്രീയതയല്ല, വിശ്വാസത്തിന്റെ സൗന്ദര്യാത്മകതയാണ് കഥാകാരന് അവലംബം. അതിനാൽ നിലനിൽക്കുന്ന ജീവിത കൂട്ടായ്മയെ നിർണ്ണയിക്കുന്ന പാരമ്പര്യത്തിന്റെ ഘടകങ്ങളെ വസ്തുനിഷ്ഠമായിത്തന്നെ കഥയിൽ കലർത്തിപ്പറയാൻ കഥാകൃത്ത് ശ്രദ്ധിക്കുന്നു.

കഥയും ഫോക്‌ലോറും തമ്മിലുള്ള ബന്ധത്തിന് വാമൊഴി ചരിത്രത്തോളം പഴക്കമുണ്ട്. നാടോടിക്കഥ, മൃഗക്കഥ, മുത്തശ്ശിക്കഥ, സാരോപദേശകഥ തുടങ്ങിയ വാമൊഴി വ്യാഖ്യാനങ്ങളിലെല്ലാം ഫോക്‌ലൈഫ് തന്നെയാണ് പ്രധാനം. പഞ്ചതന്ത്രം, കഥാസരിത്സാഗരം, ബൃഹൽക്കഥ, അറേബ്യൻ കഥകൾ, പുരാണേതിഹാസ ഉപാഖ്യാനങ്ങൾ തുടങ്ങിയ കഥാരൂപങ്ങളിലും വർഗ്ഗസമൂഹങ്ങളുടെ ജീവിതസംസ്കാരം തന്നെയാണുള്ളത്. നവസാഹിത്യരൂപങ്ങളായ ചെറുകഥയിലും നോവലിലും സ്ഥലകാലബദ്ധമായ സാമൂഹ്യജീവിതം ആഖ്യാനപ്പെടുമ്പോൾ പ്രസ്തുത സമൂഹത്തെ രൂപപ്പെടുത്തിയ ചരിത്രവും സംസ്കാരവും പാരമ്പര്യവും രചനാശില്പത്തിന്റെ ആന്തരികസത്തയായി മാറുന്നു. ഫോക്‌ലോർ സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ കൃതിയുടെ ഈ ആന്തരികസത്ത വായിച്ചെടുക്കാനാവും.

മലയാളത്തിലെ ആധുനിക കഥാകൃത്തുക്കളിൽ ഫോക്‌പാരമ്പര്യത്തെ ആഖ്യാനഭൂമിയാക്കിയിട്ടുള്ള എഴുത്തുകാരനാണ് ഒ.വി.വിജയൻ. കേരളത്തിനു വെളിയിൽ മദ്രാസിലും ഡൽഹിയിലും ഹൈദരാബാദിലും നഗരപ്രവാസം കഴിച്ചുകൂട്ടിയ ഒ.വി.വിജയന് പാലക്കാടൻ ഗ്രാമീണ ജീവിതവും സംസ്കാരവും അനുഭവത്തിന്റെ പശിമയായി ഓർമ്മയിലും എഴുത്തിലും കരുതിവെക്കുക എന്നത് കേവലം ഗൃഹാതുരത്വം മാത്രമായിരുന്നില്ല; പാരമ്പര്യസ്രോതസ്സുകളോടുള്ള കടപ്പാടും വിധേയത്വവും കൂടിയായിരുന്നു. പ്രാദേശികതയുടെ രാഷ്ട്രീയവും നാടോടി ജീവിതത്തിന്റെ

നിസർഗ്ഗസൗന്ദര്യവും ശുദ്ധമായ മാനവികതാബോധത്തിന്റെ ദാർശനികതലത്തിൽ അവതരിപ്പിക്കുകയാണ് വിജയന്റെ ചെറുകഥകൾ. ഏതെങ്കിലും തരത്തിൽ ഫോക്‌ലൈഫിനെ അടയാളപ്പെടുത്തുന്നതാണ് വിജയന്റെ രചനാലോകം എന്നു പറയാം. മലയാള നോവലിൽ ദിശാവ്യതിയാനത്തിന്റെ ദശാസന്ധി കുറിച്ച 'ഖസാക്കിന്റെ ഇതിഹാസം' (1969) ഒരു പ്രദേശത്തിന്റെ (തസ്രാക്ക്) ഫോക് ലോറുകളെ ആകമാനം ആവാഹിച്ചു കുടിയിരുത്തിയ നോവൽരൂപമാണ്. നാടോടിനോവൽ (Folk Novel) എന്നു വിശേഷിപ്പിക്കാവുന്ന വിധം ഫോക് അംശങ്ങളുടെ കലവറയാണ് ഒ.വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം'. ഖസാക്ക് എന്ന ദേശസ്വത്വം കഥാപാത്രങ്ങളിലൂടെയും അവരുടെ ജീവിതരീതികളിലൂടെയും ആചാരാനുഷ്ഠാനവിശ്വാസ സങ്കല്പങ്ങളിലൂടെയും മൂർത്ത യഥാർത്ഥ്യമായി നോവലിൽ വ്യാപനം ചെയ്തിരിക്കുന്നു. വിജയന്റെ മറ്റു നോവലുകളിൽ നിന്നെല്ലാം ഖസാക്കിന്റെ ഇതിഹാസത്തെ വേറിട്ടു നിർത്തുന്ന ഘടകം, നോവൽ പ്രതിനിധാനം ചെയ്യുന്ന നാടോടിസംസ്കാരം (Folk Culture) ഒന്നു മാത്രമാണ്.

ഖസാക്കിന്റെ ഇതിഹാസത്തെ ഭാവസമ്പന്നമാക്കുന്ന നാടോടി സംസ്കാരത്തിന്റെ ഘടകങ്ങൾ വിജയന്റെ ചെറുകഥകളെയും ബാധിച്ചു നിൽക്കുന്നുണ്ട്. ചെറുകഥയുടെ ഭാവലോകത്തിനും രൂപശില്പത്തിനും അനുയോജ്യമാകുവിധം നാടോടി- പാരമ്പര്യത്തിന്റെ ആംശിക ഖണ്ഡങ്ങളാണ് വിജയൻ കഥകളിൽ ആവിഷ്കരിച്ചിട്ടുള്ളത്. അത് ഏതെങ്കിലും ഒരു ആചാരമോ അനുഷ്ഠാനമോ വിശ്വാസമോ ആകാം. പക്ഷേ, അതിന് ആധുനിക- നാഗരിക ജീവിതത്തിൽപ്പോലും നിർണ്ണായകത്വം ഉണ്ടെന്ന് വിജയന്റെ കഥകൾ വെളിവാക്കുന്നു. 'കാറ്റുപറഞ്ഞ കഥ' 'ഭ്രൂണം', 'മുരുകൻനായർ', 'സ്നേഹത്തിന്റെ ശ്രാദ്ധം', 'രാവുണ്ണി', 'മേസ്തിരിയുടെ ചർച്ചക്കാർ', 'പൂതപ്രബന്ധം', 'കടൽത്തീരത്ത്', 'കോമ്പിപ്പൂശാരിയുടെ വാതിൽ', 'ചെറുപ്രാണികൾ' , 'മരച്ചുവട്' തുടങ്ങി ധാരാളം കഥകൾ കേരളത്തിന്റെ വിശേഷിച്ച് പാലക്കാടിന്റെ നാടോടിസംസ്കൃതിയിൽ അധിഷ്ഠാനം കൊള്ളുന്നവയായിട്ടുണ്ട്. 'സ്നേഹത്തിന്റെ ശ്രാദ്ധം' എന്ന കഥ സവിശേഷമായും 'കാറ്റുപറഞ്ഞകഥ', 'കടൽത്തീരത്ത്' എന്നീ കഥകൾ സാമാന്യമായും വിശകലനം ചെയ്തുകൊണ്ട് ഒ.വി.വിജയന്റെ കഥാലോകം ഉൾക്കൊള്ളുന്ന നാടോടി സംസ്കൃതി (Folk Culture) പരിശോധിക്കുകയാണിവിടെ.

നാടോടി സംസ്കൃതിയുടെ അടരുകൾ ബഹുതലസ്പർശിയാണ്. ഒരു സമൂഹഘടനയെ നിർണ്ണയിക്കുന്ന സ്ഥൂലസൂക്ഷ്മാംശങ്ങളെല്ലാം

അതിൽപ്പെട്ടും. അത്തരത്തിൽ ബഹുതലസ്പർശിയായ ഒരു വിശകലനം ബൃഹത്സന്ദർഭത്തിൽ (Macro context) മാത്രമേ സാധിക്കുകയുള്ളൂ. ലഘു സന്ദർഭത്തിലുള്ള (Micro Context) ഈ പഠനത്തിൽ പരേതാത്മാക്കളെ കുറിച്ചുള്ള നാട്ടറിവും വിശ്വാസവും കഥയുടെ ഭാവകേന്ദ്രമാകുന്നതെങ്ങനെ എന്നു വിശദമാക്കുന്നു.

വിശ്വാസമാണ് പലപ്പോഴും നാട്ടറിവുകളുടെ പ്രഭവകേന്ദ്രം. ഏതൊരു ജനസമൂഹത്തിലും വിശ്വാസത്തിന്റെ അനേകം ഭാവരൂപങ്ങൾ കണ്ടെത്താനാവും. ഭക്തിയുടെയും യുക്തിയുടെയും പിന്നിൽ അവയ്ക്ക് ആധാരമായി വർത്തിക്കുന്നത് വിശ്വാസമാണ്. വിശ്വാസത്തിന് സാർവ്വലൗകികമായ സത്യത്തിന്റെ അടിസ്ഥാനം ഉണ്ടായിക്കൊള്ളണമെന്നില്ല. മാനസികമായ അഥവാ ആനുഭവികമായ ധാരണയുടെ അടിസ്ഥാനമാണു വിശ്വാസത്തിനു പിന്നിലുള്ളത്. എന്തിനെക്കുറിച്ചും ഒരാൾക്ക് ചില അഭിപ്രായങ്ങൾ രൂപപ്പെടുത്തുന്നതിന് അയാൾക്ക് ചില ന്യായീകരണങ്ങളോ വിശ്വാസങ്ങളോ ഉണ്ടാകും. അടിയുറച്ച വിശ്വാസമാണ് അഭിപ്രായരൂപീകരണങ്ങൾക്കു പിന്നിലുള്ളത്. "പ്രത്യക്ഷമോ പരോക്ഷമോ ആയി ലഭിക്കുന്ന അനുഭവമാണ് ഏതെങ്കിലും ഒരു വിശ്വാസത്തിനു കാരണമായി ഭവിക്കുന്നത്". (ഡോ. രാഘവൻ പയ്യനാട്, ഫോക്‌ലോർ, പു.334). ദൈവം ഉണ്ട്, ദൈവം ഇല്ല എന്ന വിരുദ്ധവിശ്വാസങ്ങൾക്കു പിന്നിൽ ഓരോന്നിനെയും സാധൂകരിക്കുന്ന അനുഭവങ്ങൾ നിരത്തിവയ്ക്കാനുണ്ടാവും.

ഒരു ജനപദത്തിൽ വിശ്വാസമായിട്ടുള്ളത് മറ്റൊരു കൂട്ടായ്മയിൽ അന്ധവിശ്വാസമായി വിലയിരുത്തിയേക്കാം. അനുഭവങ്ങളുടെ മാനസികലോകമാണ് വിശ്വാസത്തിനും അന്ധവിശ്വാസത്തിനും സാധുത നല്കുന്നത്. ഭൂതപ്രേതപിശാചുകളിലുള്ള വിശ്വാസം ശാസ്ത്രയുക്തിക്കു നിരക്കുന്നതല്ല എന്നിരിക്കെത്തന്നെ, മാനസികാനുഭവത്തിലൂടെ അവയിൽ വിശ്വാസം നിലനിർത്തിപ്പോരുന്നവർ ഏറെയുണ്ട്. യുക്തിക്ക് അതീതമായ വിശ്വാസത്തിന്റെ തലമാണിവിടെ പ്രവർത്തിക്കുന്നത്. ജനപദസംസ്കാരപഠനം എന്ന അർത്ഥത്തിൽ ഫോക്‌ലോറിനെ നിർവ്വചിക്കുമ്പോൾ ഒരു സവിശേഷ സമൂഹം നിലനിർത്തിപ്പോരുന്ന ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, ചടങ്ങുകൾ തുടങ്ങിയ സാംസ്കാരിക വ്യവഹാരങ്ങളെല്ലാം അതിന്റെ പരിധിയിൽ വരുന്നു. ഒരു ജനസാമാന്യത്തെ സവിശേഷരീതിയിൽ നിലനിർത്തുന്നതും പരിവർത്തിപ്പിക്കുന്നതും ആ സമൂഹത്തിൽ നിലനിൽക്കുന്ന വിശ്വാസങ്ങളാണ്. ഒരു ജനസാമാന്യത്തെ പഠിക്കുക എന്നതിനർത്ഥം, ആ ജനസാമാന്യത്തിന്റെ

മാനസികാവസ്ഥ മനസ്സിലാക്കുക എന്നതാണെങ്കിൽ ഫോക്‌ലോർ രൂപങ്ങളുടെ പഠനത്തിലൂടെ കണ്ടെത്താൻ ശ്രമിക്കുന്നത് ആ ജനസാമാന്യത്തിന്റെ മാനസികലോകത്തെയാണെന്നും അവിടെയാണു വിശ്വാസത്തെ കുറിച്ചുള്ള പഠനത്തിന്റെ പ്രസക്തി കിടക്കുന്നതെന്നും ഡോ. രാഘവൻ പയ്യനാട് നിരീക്ഷിച്ചിട്ടുണ്ട്. (ഫോക്‌ലോർ പു.338)

മരണം, മരണാനന്തരച്ചടങ്ങുകൾ, പരേതാത്മാവ്, മരണാനന്തരജീവിതം, പുനർജന്മം, മോക്ഷം എന്നിങ്ങനെ മരണവുമായി ബന്ധപ്പെട്ട് ധാരാളം വിശ്വാസങ്ങൾ കേരളീയരെ ഭരിച്ചുപോരുന്നുണ്ട്. പരേതാത്മാവിനുവേണ്ടി ബലികർമ്മം ചെയ്യുന്ന പതിവ് വിവിധ മതവിശ്വാസികളിലും കാണാം. തീർത്ഥവും പൂവും എള്ളും അന്നവും വസ്ത്രവും നല്കി പിതൃക്കൾക്കു ശ്രാദ്ധം നല്കുന്ന ചടങ്ങ് ഹിന്ദുസമൂഹത്തിൽ ഇന്നും തുടർന്നുപോരുന്നു. കർക്കിടകമാസത്തിൽ വാവുബലിക്കു കണ്ടുവരുന്ന തിരക്ക് അതാണു വ്യക്തമാക്കുന്നത്. ദൈവത്തെക്കുറിച്ചും പരേതാത്മാക്കൾ, ഭൂതപ്രേതാദികൾ തുടങ്ങിയ അഭൗമ ശക്തികളെക്കുറിച്ചും ആ ശക്തികൾ ദൈനംദിന ജീവിത്തിലും മരണാനന്തരജീവിത്തിലും ചെലുത്തുന്ന സ്വാധീനങ്ങളെക്കുറിച്ചും അവ ജനപദവിശ്വാസമായിത്തീരുന്നതിനെ കുറിച്ചും ഫോക്‌ലോർ അന്വേഷിക്കുന്നുണ്ട്. മരണത്തെയും പരേതാത്മാവിനേയും കുറിച്ചുള്ള മൂല്യവിചാരം അടങ്ങുന്ന മൂന്നുകഥകൾ ഒ.വി.വിജയന്റെ കഥാപ്രപഞ്ചത്തിൽ നിന്നുകൊണ്ട് പരിശോധിക്കാം.

ഒ.വി.വിജയന്റെ 'സ്നേഹത്തിന്റെ ശ്രാദ്ധം' എന്ന കഥ (കാറ്റുപറഞ്ഞ കഥ പു.72-79) പരേതാത്മാക്കളെയും മരണാനന്തരബന്ധങ്ങളെയും കുറിച്ചുള്ള വിശ്വാസസങ്കല്പങ്ങളെ പാശ്ചാത്തലമാക്കി രചിച്ചിട്ടുള്ളതാണ്. ലോകജീവിത പരിചയവും വിദ്യാഭ്യാസവും ഉന്നത തൊഴിൽ പരിചയവും ഉണ്ടായിരിക്കുമ്പോഴും ഗ്രാമീണവും പ്രാകൃതവും ആയ ചില നാടോടി സങ്കല്പങ്ങളിലുള്ള വിശ്വാസം ഭൗതിക ജീവിതത്തെ നിർണ്ണയിക്കുന്നതിനുള്ള ദൃഷ്ടാന്തമായി 'സ്നേഹത്തിന്റെ ശ്രാദ്ധ' ത്തെ കാണാം. ശ്രാദ്ധം എന്നത് ഏറ്റവും ശ്രദ്ധയോടെ അനുഷ്ഠിക്കേണ്ടുന്ന കർമ്മമാണ്. മരിച്ചുപോയവരുടെ ആത്മാക്കൾക്ക് ഭൂമിയിൽ ജീവിച്ചിരിക്കുന്നവർ നല്കുന്ന കടപ്പാടിന്റെ അടയാളമാണു ശ്രാദ്ധം. ഇതൊരു വിശ്വാസമാണ്; യുക്തിയുടെ കാർക്കശ്യങ്ങളിൽ ഒരു പക്ഷേ, അസംബന്ധമായ ഒരു അന്ധവിശ്വാസം. കേരളത്തിന്റെ ഫോക് സംസ്കാരത്തിൽ ഏറ്റവും പ്രാചീനമായ ഒരു വിശ്വാസമാണ് പരേതാത്മാവിനെ മുൻനിറുത്തിയുള്ളത്.

ജന്മദോഷവും കർമ്മദോഷവും മാറിക്കിട്ടാൻ ജ്യോത്സ്യവിധികളും പൂജാമന്ത്രവാദങ്ങളും നടത്തുന്ന തറവാട്ടുകൾ കേരളത്തിൽ ഇന്നുമുണ്ട്.

അത്തരം ഒരു തറവാടായ ആണിക്കാട്ടു തറവാട്ടു വിലയ്ക്കുവാങ്ങി താമസിക്കാൻ വരുന്ന കുമാരമേനോനും കുടുംബവും അനുഭവിച്ചറിയുന്ന പരേതാത്മബന്ധമാണു കഥയിൽ ആഖ്യാനം ചെയ്യുന്നത്.

ആണിക്കാട്ടു തറവാട്ടിൽ വർഷങ്ങൾക്കു മുൻപു മരിച്ച രേവതി എന്ന കുട്ടിയും അവളുടെ മാതാപിതാക്കളും ഗതികിട്ടാത്ത ആത്മാക്കളായി, അദൃശ്യസാന്നിധ്യമായി തറവാട്ടിൽത്തന്നെ അലഞ്ഞുകൂടുന്നു. അകാലവാർദ്ധക്യം എന്ന രോഗം ബാധിച്ച മകളെയും ഭാര്യയേയും അനാഥരാക്കിക്കൊണ്ട് ആത്മഹത്യചെയ്ത അച്ഛന്റെ ആത്മാവ് കർമ്മത്തിന്റെ ഇരുൾഗർത്തത്തിൽ പതിക്കുന്നു. രേവതിയും അമ്മയും ഇഹലോകജീവിതം ദുരിതപൂർണ്ണമായിട്ടു കൂടി കർമ്മപൂർത്തിവരുത്തി സ്വാഭാവിക മരണം വരിച്ചു. കർമ്മഗതിയിലൂടെ രേവതിയ്ക്കും അമ്മയ്ക്കും പരലോകത്ത് വീണ്ടും ജീവിക്കാനാകുന്നു. എന്നാൽ തറവാട്ടിലെ ദുഷ്കർമ്മങ്ങളും പിതാവിന്റെ ആത്മഹത്യയും അവരെയും പിൻതുടരുന്നതിനാൽ ആത്മമുക്തി ലഭിക്കുന്നില്ല. മരണാനന്തരജീവിതത്തെയും കർമ്മഫലത്തെയും കുറിച്ചുള്ള പഴമനസ്സിലെ വിശ്വാസമാണു കഥാകൃത്ത് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. സ്നേഹം, കാരുണ്യം എന്നീ മൂല്യങ്ങളെ ജീവിതത്തോടു ചേർത്തുനിർത്തുന്നതിനാണ് വിശ്വാസങ്ങളും ആചാരങ്ങളും എന്ന നാടോടി സങ്കല്പത്തെയാണ് രേവതിയുടെയും അമ്മയുടെയും ഇഹലോക-പരലോക ജീവിതത്തിലൂടെ കാണിച്ചുതരുന്നത്. മകളുടെ നിഷ്കളങ്കസ്നേഹത്തിന്റെ ശക്തികൊണ്ട് പുനർജ്ജനിയുടെ മുൾക്കാടുകളിൽ നിന്നും അച്ഛനു മുക്തി ലഭിക്കും എന്ന് അമ്മ പറയുന്നുണ്ട്. (കാറ്റ് പറഞ്ഞ കഥ, പു.74). ഇതാണ് സ്നേഹത്തിന്റെ ശക്തി.

കൊലാലമ്പൂരിൽ നിന്നും കേരളത്തിലെത്തി തിരുവില്വാമലയിലുള്ള ആണിക്കാട്ടു തറവാട്ടു വിലയ്ക്കു വാങ്ങുന്ന കുമാരമേനോൻ തറവാടുമായി തനിക്കുള്ള പൈതൃകബന്ധത്തെ കൂടിയാണ് വിളക്കിച്ചേർക്കുന്നത്. തറവാട്ടിലെ പ്രേതബാധയെക്കുറിച്ചുള്ള കേട്ടറിവുകൾ മേനോനെ ആശങ്കപ്പെടുത്തുന്നില്ല. ശ്രാദ്ധം കഴിക്കാതെ ഗതികിട്ടാതലയുന്ന പ്രേതങ്ങൾ സ്വൈരം തരില്ല എന്ന വിശ്വാസം അയാൾക്കുണ്ട്. സ്നേഹത്തിന്റെ ശ്രാദ്ധം കൊണ്ട് പ്രേതബാധയെ പരേതാത്മാക്കളുടെ അനുഗ്രഹമാക്കിമാറ്റാമെന്നും മേനോൻ കരുതുന്നു. "ആധുനിക മനസ്സുകൾക്ക് പ്രേതങ്ങളിൽ വിശ്വസിക്കാനാവില്ല. കൊലാലമ്പൂരിലെ ഒരു ഫ്ലാറ്റിൽ ജീവിച്ച് പ്രേതങ്ങളെ സ്പർശിക്കാൻ കഴിയില്ല. പ്രാചീനമായ ഒരു നാലുകെട്ടിന്റ സ്ഥിതി മറിച്ചാണ്. ഞാൻ എന്റെ സമ്പാദ്യം കൊണ്ട് എന്റെ മക്കൾക്കു വാങ്ങി തന്നത് വിശേഷപ്പെട്ട ഒരു സ്വത്താണ് - പ്രാചീനത" (കാറ്റ്

പറഞ്ഞ കഥ, പു.76) എന്നാണ് മേനോൻ മക്കളോടു പറയുന്നത്. ആധുനികതയുടെ ഫോക്‌ലോറും പ്രാചീനതയുടെ ഫോക്‌ലോറും വ്യത്യസ്തമാകുന്നതിന്റെ സാഹചര്യം കൂടിയാണ് കുമാരമേനോന്റെ വാക്കുകളിൽ വെളിവാകുന്നത്.

പരിഷ്കൃതനഗരജീവിതം തുടരാൻ ആഗ്രഹിക്കുന്ന കുസുമം അച്ഛനോടു പറയുന്നത് താൻ വൈദ്യം പഠിക്കാൻ ഇംഗ്ലണ്ടിലേക്കു പോകും എന്നാണ്. മകൻ ഉണ്ണിയ്ക്കാകട്ടെ തിരുവില്വാമലയിൽ തറവാട്ടിൽ താമസിച്ച് പരമ്പരാഗതകൃഷിരീതികൾ പരീക്ഷിക്കാനാണു താത്പര്യം. മക്കളുടെ ഭിന്നാഭിപ്രായങ്ങളെ കൂട്ടിയിണക്കിക്കൊണ്ട് കുമാരമേനോൻ പറയുന്നു- "രണ്ടും നല്ല കാര്യങ്ങളാണ്. കുസുമത്തിന് ഇംഗ്ലണ്ടിൽ നിന്നും തിരിച്ചു വന്ന് അഷ്ടവൈദ്യന്മാരിൽനിന്നും ധന്വന്തരിയുടെയും ശുശ്രുതന്റെയും ഗ്രന്ഥങ്ങൾ പഠിക്കാം. നാടൻകൃഷി അഭ്യസിച്ചശേഷം ഉണ്ണിക്ക് ഒരമേരിക്കൻ കാർഷിക സർവ്വകലാശാലയിൽ പഠിപ്പു തുടരാം. രണ്ടുപേർക്കും വെള്ളിനേഴിയിലെ ഒരു ഭാഷാപണ്ഡിതനിൽനിന്നും മലയാളം പഠിക്കാം" (പുറം 77) പ്രാദേശികചരിത്രവും പാരമ്പര്യവും സംസ്കാരവും ആയി സമന്വയിച്ചു കഴിയേണ്ട ഭൗതികജീവിതത്തെക്കുറിച്ചാണ് കുമാരമേനോൻ എന്ന നാടോടിവിജ്ഞാനി പറയുന്നത്. ഒരു ദേശത്തിന്റെ വിജ്ഞാനസമ്പത്തും തൊഴിൽ രീതികളും ഭാഷയും ഒന്നുചേരുമ്പോഴാണ് ഫോക്‌ലൈഫ് രൂപപ്പെടുന്നത്.

തറവാട്ടിൽ താമസം തുടങ്ങാൻ തീരുമാനിക്കുന്ന കുമാരമേനോൻ പ്രേതബന്ധത്തെ തലമുറകളുടെ സ്നേഹബന്ധമായിട്ടാണു കരുതുന്നത്. അതുകൊണ്ടാണ് തറവാടിനു മുന്നിൽ വാടിനിന്ന തുളസിത്തറയിൽ തീർത്ഥജലവും അന്നവും വസ്ത്രവും സമർപ്പിച്ച് പ്രേതാത്മാക്കൾക്കു, ശ്രാദ്ധബലി നല്കുന്നത്. തറവാടിന്റെ മച്ചകത്തുള്ള പ്രേതാത്മാക്കൾക്ക് തീർത്ഥജലവും ബലിച്ചോറും സ്നേഹത്തിന്റെ ശ്രാദ്ധമായി മാറുന്നു. പ്രേതാത്മാക്കൾ അദൃശ്യമായ സാന്നിധ്യത്തിലൂടെ അനുഗ്രഹത്തിന്റേയും സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ചന്ദനഗന്ധം അവരിൽ നിറയ്ക്കുന്നു. ഇംഗ്ലണ്ടിൽ പോകുമെന്ന് വാശിപറഞ്ഞ കുസുമം സ്വമേധയാ തുളസിത്തറയിൽ എന്നും സന്ധ്യയ്ക്കു വിളക്കു വെയ്ക്കാൻ സന്നദ്ധയാകുന്നു. "ഞങ്ങൾ നിങ്ങൾക്ക് സ്നേഹവും ആദരവും തരാം. ഞങ്ങളുടെ പരമ്പര നിങ്ങളുടെ കൃപയിൽ ഐശ്വര്യം പ്രാപിക്കട്ടെ" എന്ന് പരേതാത്മാക്കളോടു പ്രാർത്ഥിക്കാനും കുമാരമേനോൻ മറക്കുന്നില്ല. ബൗദ്ധികതയുടെയും താർക്കികയുക്തികളുടെയും നടുവിൽ ഈ പ്രാർത്ഥന ചോദ്യം ചെയ്യപ്പെട്ടേക്കാം. എന്നാൽ ഉപബോധമനസ്സിന്റെ ആഴത്തിൽ, ശ്രാദ്ധവും

പ്രാർത്ഥനയും ശാന്തിയുടെയും സമാധാനത്തിന്റെയും ലയം ഒരുക്കിവെയ്ക്കുകയാണ്. അത്തരം ചില ധാരണകളും പൊരുത്തപ്പെടലുകളുമാണ് വിശ്വാസത്തെക്കുറിച്ചുള്ള നാട്ടറിവിനു കരുത്തും പ്രചാരവും നൽകുന്നത്.

'കാറ്റുപറഞ്ഞ കഥ','കടൽത്തീരത്ത്' എന്നീ കഥകളിലും ഭൗതിക ജീവിതവും പരേതജീവിതവും തമ്മിലുള്ള ധാരണയും പൊരുത്തപ്പെടലും കാണാവുന്നതാണ്. പാലക്കാട് കഞ്ചിക്കോട്ടുള്ള മലയടിവാരത്തിലെ വീട്ടിൽ എത്തുന്ന തെയ്യുണ്ണിക്ക് മരിച്ചുപോയ ജ്യേഷ്ഠൻ കാരുണ്യത്തിന്റെ കാറ്റായി സാന്നിധ്യവും സാമീപ്യവും അനുഭവസ്ഥമാക്കുന്നു. നഗരങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക് സഞ്ചരിക്കുന്ന അന്ധപരിഷ്കാരിയായ തെയ്യുണ്ണിക്ക് നാട്ടിൻപുറവും അവിടുത്തെ പ്രകൃതിജീവിതവും പുച്ഛമാണ്. അസ്ട്രോഫിസിക്സിൽ ശാസ്ത്രജ്ഞനായ ജ്യേഷ്ഠൻ മലമ്പ്രദേശത്ത് വീടുവെച്ച് ഏകാന്തജീവിതം നയിക്കുന്നതിനോട് തെയ്യുണ്ണിക്ക് യോജിക്കുവാനാവുന്നില്ല. എന്നാൽ ജ്യേഷ്ഠന്റെ മരണശേഷം ആ വീട്ടിലേക്കും പ്രകൃതിയിലേക്കും എത്തുന്ന തെയ്യുണ്ണിക്ക് ഗ്രാമീണജീവിതത്തിന്റെ പൊരുൾ തിരിച്ചറിയാനാവുന്നു. രണ്ടു സംസ്കാരങ്ങളുടെ —ഗ്രാമഫോക്കിന്റെയും —നഗരഫോക്കിന്റെയും— അന്തരം കൂടി ഈ കഥ വെളിവാക്കിത്തരുന്നുണ്ട്. തെയ്യുണ്ണിയും ഭാര്യ സ്റ്റാഫോർഡ്ധുകാരി ഫീബിയും അവരുടെ ദാമ്പത്യം കൊണ്ട് നഗരഫോക്കിനെയും തെയ്യുണ്ണിയുടെ മാതാപിതാക്കളും ജ്യേഷ്ഠനും ജ്യേഷ്ഠത്തിയമ്മയും ദേവകിയും അവരുടെ നാട്ടിൻപുറജീവിതം കൊണ്ട് ഗ്രാമഫോക്കിനെയും പ്രതിനിധാനം ചെയ്യുന്നു.

'കടൽത്തീരത്ത്' എന്ന പ്രശസ്തകഥയിലെ വെള്ളായിയപ്പനും കോടച്ചിയും കണ്ടുണ്ണിയും മരയ്ക്കാരും നീലിയും പാലക്കാടൻ ഫോക്കിന്റെ പ്രാചീനമുഖം കാണിച്ചു തരുന്നു. പാഴുതറഗ്രാമം സവിശേഷമായ ഒരു കൂട്ടായ്മ തന്നെയാണ്. കീഴാളജനതയുടെ ജീവിതശൈലിയും ദൈന്യതയും നിസ്സഹായതയും വ്യംഗ്യഭംഗിയിൽ കഥയിൽ ആവിഷ്കരിച്ചിരിക്കുന്നു. തൂക്കുമരണത്തിനു വിധേയനായ കണ്ടുണ്ണിക്ക് - ഏകമകന്റെ ആത്മാവിന് - കടൽത്തീരത്ത് പൊതിച്ചോറു ബലിയായി നൽകുന്ന വെള്ളായിയപ്പൻ ശ്രാദ്ധശാന്തിയുടെ വിശ്വാസത്തിൽ സ്വയംസമർപ്പിതനാവുകയാണ്. മരിച്ച വ്യക്തിക്ക് ബലിയർപ്പിക്കുന്ന നാടോടിസങ്കൽപമാണ് വെള്ളായിയെ കടൽത്തീരത്ത് എത്തിക്കുന്നത്. ഉച്ചിതൊട്ട കരംകൊണ്ട് ഉദകക്രിയ എന്ന ദുരന്തകർമ്മമാണ് വെള്ളായിക്കു ചെയ്യാനുള്ളത്. വാത്സല്യത്തിന്റെയും കാരുണ്യത്തിന്റെയും ശ്രാദ്ധക്കടലായി വെള്ളായി കഥാന്ത്യത്തിൽ നിലകൊള്ളുന്നു. കോടച്ചി പൊതിഞ്ഞുകെട്ടിക്കൊടുത്ത പൊതിച്ചോറ് മകന്റെ ആത്മാവിനായി കടൽത്തീരത്ത്

വിതറുമ്പോൾ 'വെയിലിന്റെ മുകൾത്തട്ടുകളിലെവിടെനിന്നോ ബലിക്കാക്കകൾ അന്നംകൊത്താൻ ഇറങ്ങിവന്നു.' ബലിച്ചോറുണ്ണാൻ പരേതാത്മാവ് കാക്കയുടെ രൂപത്തിൽ പറന്നെത്തുന്നു എന്ന നാടോടിവിശ്വാസം ഈ കഥയിലെ ഭാവാന്തരീക്ഷം നിർണ്ണയിക്കുന്നതിൽ മുഖ്യപങ്കുവഹിക്കുന്നു.

വിശ്വാസത്തിന്റെയും സങ്കൽപത്തിന്റെയും ആത്മീയബോധ്യമാണ് ഒ.വി.വിജയന്റെ കഥകളിൽ നാട്ടറിവായി വ്യാപിച്ചു നിൽക്കുന്നത്. സ്നേഹം, കരുണ, വാത്സല്യം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങളെ ജീവിതത്തോട് ചേർത്തുനിർത്തുന്ന രാസമൂലകമായി പാരമ്പര്യഘടകങ്ങൾ ആ കഥകളിൽ കണ്ണിചേർത്തിരിക്കുന്നു. പ്രകൃതിയിലെ സകല പ്രതിഭാസങ്ങളും ഒന്നായി നിന്നുകൊണ്ടുള്ള സാകല്യദർശനമാണ് ഒ.വി. വിജയന്റെ കഥകളിൽ കൂട്ടായ്മയുടെ സംസ്കൃതിയെ പ്രസക്തമാകുന്നത്.

ഗ്രന്ഥസൂചി

1. Dundes Allen, The study of Folklore, Berkely, University of California, 1965.
2. Dundes Allen, Essays in Folkloristics Meerut , Folklore Institute, 1978.
3. രാഘവൻ പയ്യനാട്, ഫോക്‌ലോർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1998.
4. വിജയൻ ഒ.വി., ഖസാക്കിന്റെ ഇതിഹാസം, ഡി.സി.ബുക്ക്സ്, കോട്ടയം,1990.
5. വിജയൻ ഒ.വി., കാറ്റ് പറഞ്ഞ കഥ, ഡി.സി.ബുക്ക്സ്, കോട്ടയം,1999.
6. വിജയൻ ഒ.വി., കടൽത്തീരത്ത്, ഡി.സി.ബുക്ക്സ്, കോട്ടയം,1990.